**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5108** **22-05-2017 ൽ മറുപടിക്ക്**

## സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ വിവരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ. എൻ. ജയരാജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്തൊട്ടാകെ ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണ് പ്രധാനമായും വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരവും, 1995 ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും, മിച്ച ഭൂമിയായി ഏറ്റെടുത്തിട്ടുള്ള ഭൂമികളും, സർക്കാർ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്തിട്ടുള്ള ഭൂമികൾക്കും പട്ടയം വിതരണം ചെയ്തിട്ടുണ്ട്. അതു കൂടാതെ ദേവസ്വം പട്ടയം, എൽ.റ്റി.പട്ടയം, വനഭൂമി പട്ടയം, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള പട്ടയം, കോളനി പട്ടയം, ലക്ഷം വീട് പട്ടയം എന്നീ പട്ടയങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) ഇപ്രകാരം വിതരണം ചെയ്യപ്പെട്ടിട്ടുള്ള പട്ടയങ്ങളിൽ 1950 -ലെ ട്രാവൻകൂർ-കൊച്ചിൻ ലാൻറ് അസൈൻമെൻറ് ആക്ടും 1960-ലെ കേരള ലാൻറ് അസൈൻമെൻറ് ആക്ടും ഈ നിയമത്തിൻ കീഴിലുള്ള ചട്ടങ്ങളും ബാധകമായിട്ടുള്ളവ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ? | (ബി) ഇപ്രകാരം വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളിൽ 1964 ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരവും, 1995 ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടപ്രകാരവുമാണ് പട്ടയം അനുവദിച്ചിട്ടുള്ളത്. ആയതിനാൽ 1950 ലെ ട്രാവൻകൂർ കൊച്ചിൻ ലാൻഡ് അസൈൻമെന്റ് ആക്ടും 1960 ലെ കേരള ലാൻഡ് അസൈൻമെൻഡ് ആക്ടും ടി നിയമത്തിൻ കീഴിലുള്ള ചട്ടങ്ങളും ബാധകമായിട്ടുള്ളവ എത്ര ശതമാനമെന്ന് വ്യക്തമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. എന്നാൽ ഭൂരിഭാഗം പട്ടയങ്ങളും 1960 ലെ കേരള ലാൻഡ് അസൈൻമെന്റ് ആക്ടും ടി നിയമത്തിന്റെ കീഴിലുള്ള ചട്ടങ്ങളും പ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ